**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3005** **03-08-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീരവികസനത്തിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ ക്ഷീരവികസനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ? | (എ) | ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട് ഈ സാമ്പത്തികവർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ വൈക്കോൽ ബെയ്‌ലിംഗ് യൂണിറ്റ്, പാരമ്പര്യേതര കാലിത്തീറ്റകളുടെ ഉല്പാദനവും വിപണനവും , കറവ പരിശീലനം, ഇടുക്കി പാക്കേജ്, വാണിജ്യ അടിസ്ഥാനത്തിലുള്ള ഡയറി ഫാമുകൾക്ക് ധനസഹായം എന്നിവയാണ്. വൈക്കോൽ ബെയ്‌ലിംഗ് യൂണിറ്റ്: ക്ഷീരസംഘങ്ങൾ വഴി വൈക്കോൽ ശേഖരിച്ച് ബെയ്ൽ ചെയ്ത് ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് വിപണനം ചെയ്യുന്ന പദ്ധതിയാണിത്. ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. പാരമ്പര്യേതര കാലിത്തീറ്റകളുടെ ഉല്പാദനവും വിപണനവും: ക്ഷീരസംഘങ്ങളിൽ പ്രാദേശികമായി ലഭിക്കുന്ന തീറ്റവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റയുടെ നിർമ്മാണവും വിപണനവുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കറവ പരിശീലനം: നിലവിൽ കേരളത്തിൽ പശുക്കറവയിൽ വൈദഗ്ധ്യമുള്ളവരുടെ എണ്ണം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ വനിതകൾക്ക് ശാസ്ത്രീയമായ പശുക്കറവയുടെ പരിശീലനം നൽകാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇടുക്കി പാക്കേജ്: പാലുല്പാദന വർദ്ധനവിനായി ഇടുക്കി ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളാണ് ഇടുക്കി പാക്കേജിൽ വരുന്നത്. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായം, ധാതു ലവണ മിശ്രിത വിതരണം, വിവിധ പരിശീലനങ്ങൾ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വാണിജ്യ അടിസ്ഥാനത്തിലുള്ള ഡയറി ഫാമുകൾക്ക് ധനസഹായം: 50 പശുക്കളിൽ കൂടുതൽ ഉള്ള ഡയറി ഫാമുകൾക്ക് അടിസ്ഥാന സൗകര്യ |

| | | | |
|---|---|---|---|
| | | | വികസനത്തിനായി ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. |

സെക്ഷൻ ഓഫീസർ